# എസ്.എൻ.ഡി.പി.യു.പി.സ്കൂൾ, തലച്ചിറ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

മനുഷ്യനന്മയെ നട്ടുവളർത്തി അന്യജീവനുതകുന്നതാക്കി മാറ്റുന്ന ഇടമാണ് വിദ്യാലയം. കായികവും മാനസ്സികവുമായ വളർച്ച കുട്ടികളേയും വിദ്യാലയത്തേയും ഈടുറ്റതാക്കും. കലാകായികരംഗം വിദ്യാലത്തെ അതിന്റെ പ്രകാശനഭൂമികൂടിയാക്കുമ്പോഴാണ് അത് കലാലയമാകുന്നത്. കലാകായികരംഗം അഭ്യാസങ്ങളുടെ മാത്രം വേദിയല്ല. അത് സമർപ്പണത്തിന്റെയും സാധനയുടെയും പ്രതീക്ഷയുടേയും ആനന്ദത്തിന്റേയും സംഗമഭൂമി കൂടിയാണ്.

പഠനത്തിലെന്നപോലെ പാഠ്യേതരവിഷയങ്ങളിലുള്ള നൈപുണീകരണവും സർഗ്ഗവാസനകളുടെ പോഷണവും കലാലയം സ്വന്തം ഉത്തരവാദിത്തമായി ഏറ്റെടുക്കണം. ശ്രദ്ധയും പ്രതിബദ്ധതയും പരോപകാരനിഷ്ഠയും ത്യാഗവുമുള്ള ഉത്തമ പൗരന്മാരായി കുട്ടികൾ രൂപകല്പന ചെയ്യപ്പെടണം. അവിടെയാണ് ഒരു സ്കൂളിന്റെ വിജയം.

ഇത്യാദി ലക്ഷ്യങ്ങൾക്കായി അശ്രാന്തപരിശ്രമം ചെയ്യാൻ തയ്യാറുള്ള മാനേജ്മെന്റും അദ്ധ്യാപക-അനദ്ധ്യാപക കൂട്ടായ്മയും അണിചേർന്നാൽ അവിടെ കാലനീതിയുടെ വിളയാട്ടം ഉണ്ടാകും. വിജയം സുനിശ്ചിതമാകും.

**പുസ്തകമുത്തം**

- പുസ്തകങ്ങളോടൊ അക്ഷരങ്ങളോടൊ ഒരു സ്നേഹവും ബഹുമാനവും ഇല്ലാത്ത പഠിതാക്കളുടെ കാലഘട്ടമാണിത്.
- അക്ഷരത്തെ സ്നേഹിക്കുന്ന പ്രണയിക്കുന്ന കുരുന്നുകളെ സൃഷ്ടിക്കുകയാണ് ലക്ഷ്യം.

രാവിലെ പ്രാർത്ഥനയ്ക് ശേഷം ക്ലാസ്സ് തുടങ്ങുന്നതിനു മുൻപായി ആ പീരിഡിൽ പഠിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട ബുക്ക് /പാഠപുസ്തകം നെഞ്ചോട് ചേർത്തുപിടിച്ച് പ്രതിജ്ഞ ചൊല്ലുന്നു. പ്രതിജ്ഞയുടെ അവസാനം പുസ്തകത്തിന് സ്നേഹത്തോടെ ഒരുമ്മ നൽകുന്നു. ഇത് സന്ധ്യയ്ക്ക് പഠിക്കാനിരിക്കുമ്പോൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കുവാൻ രക്ഷാകർത്താക്കളേയും പ്രേരിപ്പിക്കണം.

പ്രതിജ്ഞ

**പുസ്തകങ്ങൾ അറിവിന്റെ ഉറവിടമാണ്. പുസ്തകങ്ങൾ തുറക്കുമ്പോൾ അറിവിന്റെ വാതായനങ്ങളാണ് ഞാൻ തുറക്കുന്നത്. ആ ബോധ്യം ഉള്ളതുകൊണ്ട് ഏറെ ആദരവോടും ബഹുമാനത്തോടും സ്നേഹത്തോടും മാത്രമേ പുസ്തകങ്ങളും മറ്റ് വായനാസാമഗ്രികളും ഞാൻ കൈകാര്യംചെയ്യൂ. എന്റെ മാർഗ്ഗദീപമേ എന്നെ വഴി നയിക്കേണമേ...**

**കൈയക്ഷരം**

- നല്ല കൈയക്ഷരം ഒരനുഗ്രഹമാണ്.
- അത് മറ്റുള്ളവരെ ആകർഷിക്കും.
- പരീക്ഷകളിൽ മാർക്ക് വർദ്ധിപ്പിക്കാം.
- സ്വയം ആദരവ് തോന്നും.
- ആത്മവിശ്വാസം വർദ്ധിപ്പിക്കും.

ഓരോ കുട്ടിയുടെയും കൈയക്ഷരം ഏറ്റവും ഭാഗിയുള്ളതാക്കുക എന്നുള്ളത് അവരുടെ വളർച്ചയെ ഉദ്ദീപിപ്പിക്കുന്ന ഘടകമാണ്. കൂടുതൽ ഭംഗിയോടെ മനോഹരമായി നോട്ട്ബുക്കുകൾ എഴുതി സൂക്ഷിക്കുന്ന കുട്ടിയുടെ ആത്മവിശ്വാസം മറ്റുള്ളവരിൽ നിന്നും ഏറെ കൂടുതലായിരിക്കും. അതുകൊണ്ട് എങ്ങനെ

നമ്മുടെ മുന്നിലിരിക്കുന്ന കുട്ടികളുടെ കൈയക്ഷരം മനോഹരമാക്കാം എന്ന് ചിന്തിക്കുകയും പ്രവർത്തിക്കുയും ചെയ്യണം.

**അക്ഷരസ്ഫുടത**

ഭാഷാശുദ്ധിയോടെ ഒഴുക്കോടെ വായിക്കുന്ന പഠിതാക്കൾ അദ്ധ്യാപകർക്ക് അഭിമാനം തന്നെയാണ്. ഓരോ കുട്ടിയുടേയും പഠനനിലവാരം പിന്നോക്കം പോകുന്നതിന് പ്രധാന കാരണം കൊച്ചുക്ലാസ്സുകളിലേ അർത്ഥപൂർണ്ണമായ വായനയ്ക്ക് ശേഷി ആർജ്ജിക്കാൻ കഴിയാതിരിക്കുന്നതു തന്നെ. ഭാഷാശുദ്ധിയും സ്ഫുടതയും ആത്മവിശ്വാസത്തോടെ സംസാരിക്കാൻ അവരെ പ്രാപ്തരാക്കും. ആശയവിനിമയ ശേഷി വർദ്ധിപ്പിക്കും. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ വിജയകരമായി നടത്തുവാൻ അവർ സഹായകമാകും.

സ്കൂൾ വിശേഷങ്ങൾ, പത്രവാർത്തകൾ, സുഭാഷിതം, കഥാകഥനം, സംഗീതം, കുട്ടികൾക്ക് പിറന്നാൾ ആശംസകൾ... ഒക്കെ ഉൾപ്പെടുത്തി 2018-ൽ ആരംഭിച്ച ഹൃദയവാണി എല്ലാ ദിവസവും ചെയ്താൽ തന്നെ കുട്ടികൾക്ക് വലിയൊരു പ്രചോദനമാകും.

- നമ്മുടെ ഒരു മാതൃകാ പ്രവർത്തനമായി അതുമാറും.
- സമൂഹം നമ്മുടെ കുട്ടികളെ വിലയിരുത്തുവാനൊരു അവസരം കൂടിയാണത്.
- നമുക്ക് നല്ല വാർത്താ അവതാരകർ സജ്ജരാകും.
- നമ്മുടെ സ്റ്റേജ് പ്രോഗ്രാമുകൾ അവതരിപ്പിക്കുവാൻ കുട്ടികൾ രൂപപ്പെട്ടുവരും.

**വായന**

പാഠ്യപദ്ധതിക്കും പാഠഭാഗങ്ങൾക്കും അനുസൃതമായി അധികവായനയ്ക്കുള്ള പുസ്തകങ്ങൾ ഉൾപ്പെടുത്തി ഓരോ ക്ലാസ്സിലും ക്ലാസ്സ്റൂം ലൈബ്രറി തയ്യാറാക്കുക. പുസ്തകങ്ങൾ എപ്പോഴും കാണുകയും പരിചിതമാകുകയും ചെയ്യും.. വായിക്കുവാൻ പ്രേരിപ്പിക്കുക. വായനക്കുറിപ്പുകൾ തയ്യാറാക്കാൻ പഠിപ്പിക്കുക. വായനക്കുറിപ്പ് മത്സരങ്ങൾ എല്ലാ മാസവും നടത്തുക. വിജയികളെ അനുമോദിക്കുക.

**കുടുംബവായന**

കുട്ടികളുടെ വായനാശീലം വളർത്തിയെടുക്കാൻ കുടുംബാംഗങ്ങൾ അവരുടെ പങ്ക് നിറവേറ്റേണ്ടതുണ്ട്. കുട്ടികളോടൊപ്പം മറ്റ് കുടുംബാംഗങ്ങളും പുസ്തകങ്ങൾ വായിച്ചാൽ ഒരു വായനാസംസ്കാരം രൂപപ്പെടുവാനും സമൂഹത്തിൽ സാംസ്കാരികമായ മുന്നേറ്റത്തിനും കാരണമാകും. കുട്ടിയും രക്ഷിതാവും അവർക്കിഷ്ടപ്പെട്ട പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്നെടുത്ത് വായിക്കാനവസരം ഉണ്ടാകണം. ഇത് പെട്ടെന്ന് സാധ്യമാക്കാനാവില്ല. എന്നിരുന്നാലും സമീപഭാവിയിൽ സ്കൂളിന് വിശാലമായ ഒരു ലൈബ്രറി ഉണ്ടാകണം.

**സാഹിത്യ അഭിരുചി**

ചെറുപ്രായത്തിൽ തന്നെ നമ്മുടെ കുട്ടികളെ നല്ല വായനക്കാരാകുവാൻ പരിശീലിപ്പിക്കുവാൻ കഴിഞ്ഞാൽ അവർക്ക് എഴുത്തുകാരാകാനും കഴിയും. ആശയങ്ങൾ രൂപീകരിക്കാൻ കഴിയും. അവർക്ക് ശരിയായമാർഗ്ഗനിർദ്ദേശങ്ങൾ നൽകിയാൽ വലിയൊരു സാധ്യത ഉണ്ട്.

കുട്ടികളുടെ രചനകൾ, അനുഭവക്കുറിപ്പുകൾ, വായനാനുഭവങ്ങൾ, സ്കൂൾ വാർത്തകൾ, വിശേഷങ്ങൾ, ദിനാചരണപ്രവർത്തനങ്ങൾ ഒക്കെ ഉൾപ്പെത്തി ഒരു ഡിജിറ്റൽ മാഗസിൻ ചിന്തിക്കാവുന്ന, നടപ്പാക്കുവാൻ കഴിയുന്ന ഒരാശയമാണ്.

**അഭിനയം**

അഭിനയം എന്ന കല സിനിമയുമായോ നാടകവുമായോ മറ്റു കലാരൂപങ്ങളുമായോ മാത്രം ബന്ധപ്പെട്ടു നിൽക്കുന്നതല്ല. മുഖാമുഖ പരീക്ഷകളിലും നിത്യേനയുള്ള ഇടപെടലുകളിലും മികച്ചതും യുക്തമായതുമായ ചേഷ്ടയോടെ പെരുമാറുന്നവരാണ് ജീവിതത്തിൽ വിജയം വരിക്കുക. ആകർഷകമായ ആംഗ്യഭാഷയും ശബ്ദക്രമീകരണവും കുട്ടികൾക്ക് ലഭിക്കുന്നതിനായി നാടകക്കളരി പ്രയോജനപ്പെടും. വേനലവധിക്ക് നടന്ന അറിവുത്സവത്തിൽ നമ്മുടെ കുട്ടികൾ മികച്ച നിലവാരം പുലർത്തിയതും ജില്ല മുഴുവൻ നാടകക്കളരി അവതരിപ്പിച്ച ശ്രീ. മനോജ്സുനിയും കെ.എസ്. ബിനുവും നമ്മുടെ ക്യാമ്പായിരുന്നു മികച്ചത് എന്ന്

സാക്ഷ്യപ്പെടുത്തിയതും നമ്മുടെ കുട്ടികളുമായി തുടർന്നും സഹകരിക്കാം എന്നറിയിച്ചതും മുഖവിലയ്ക്കെടുക്കേണ്ടതാണ്.

നല്ല രീതിയിൽ നമ്മുടെ കുട്ടികളെ പരിശീലിപ്പിച്ചാൽ പാഠഭാഗങ്ങളും മറ്റും വേദിയിൽ അവതരിപ്പിക്കുവാൻ അവസരം ഒരുങ്ങും.. അത് ശത്രുക്കൾക്ക് പോലും കണ്ടില്ലെന്ന് നടിക്കാനാവാത്ത മികവായി മാറും.

### ശാസ്ത്രപ്രതിഭ

എല്ലാ ദിവസനവും ശാസ്ത്രസംബന്ധിയായ ഒരു ചോദ്യം നോട്ടീസ് ബോർഡിൽ എഴുതിയിടുന്നു. കുട്ടികൾ സ്വയം ഉത്തരം കണ്ടെത്തി അടുത്ത ദിവസം നോട്ടീസ് ബോർഡിൽ എഴുതിയിടുന്ന ഉത്തരവുമായി താരതമ്യം ചെയ്യുന്നു. ഇങ്ങനെ ഒരു മാസം മുഴുവൻ എഴുതിയ ചോദ്യങ്ങളും ഉത്തരങ്ങളും കുട്ടികൾക്ക് നല്ലൊരു ശേഖരമായി മാറുന്നു. ഇതിനെ ആസ്പദമാക്കി മാസത്തിലൊരിക്കൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഈ മത്സരത്തിൽ വിജയിക്കുന്ന കുട്ടിയെ ശാസ്ത്രപ്രതിഭയായി പ്രഖ്യാപിക്കണം.

### ഗണിതസൗഹൃദ വിദ്യാലയം

ഗണിതശാസ്ത്രം ലളിതമാണെങ്കിലും ബഹുഭൂരിപക്ഷം കുട്ടികൾക്കും അതൊരു ബാലികേറാമലയാണ്. ഈ പ്രതിസന്ധി പരിഹരിക്കണം. ലളിതമായ രീതിയിൽ ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ പഠിപ്പിക്കുകവഴി ഉയർന്ന ക്ലാസ്സുകളിലെ ഗണിതപഠനം ആയാസരഹിതമാകും. അതിനായി ഒരു ഗണിത ലാബ് പഠനപ്രവർത്തനങ്ങളെ ലളിതവൽക്കരിക്കും. ഇതിനായി സമർദ്ധനായ ഒരു റിസോഴ്സ് പേഴ്സണെ എത്തിച്ച് ഗണിത ശില്പശാല നടത്തണം. നമ്മുടെ ഗണിത അധ്യാപകരുമായി ചർച്ച ചെയ്ത് ഓരോ പാഠഭാഗവും പഠിപ്പിക്കുമ്പോൾ അവർക്ക് കൈകാര്യം ചെയ്യാൻ പാകത്തിൽ പഠനോപകരണങ്ങൾ സജ്ജമാക്കണം. പഠനോപകരണങ്ങൾ രക്ഷിതാക്കളുടെയും കുട്ടികളുടെയും സഹായത്തോടെ നിർമ്മിക്കാൻ ശ്രമിക്കുന്നത് പദ്ധതിയെ കൂടുതൽ ജനകീയമാക്കും. സ്കൂൾ അന്തരീക്ഷവും ഗണിതസൗഹൃദമായി ക്രമീകരിക്കുവാൻ കഴിഞ്ഞാൽ അതൊരു വേറിട്ട അനുഭവമായിരിക്കും.

### കായികം

പാഠ്യവിഷയങ്ങൾ പോലെ കുട്ടികളുടെ ശാരീരികവും മാനസികവുമായ രൂപപ്പെടലിൽ ഒരു സുപ്രധാന ഘടകമാണ് ശാരീരിക വ്യായാമത്തിനുള്ള സാഹചര്യം അതിന് പ്രധാന വിഭവമാണ്. കായിക വിനോദങ്ങൾ, ഓട്ടം, ചാട്ടം, വിവിധങ്ങളായ ഗെയിംസുകളും ഇതിന് പ്രാധാന്യത്തോടെ ആവിഷ്ക്കരിച്ച് ഒരു കാലഘട്ടം കേരള ചരിത്രത്തിന്റെ സുപ്രധാന ഏടുകളിൽ ഒന്നാണ്.

മാനസ്സികോല്ലാസം, വ്യക്തിത്വ രൂപീകരണത്തിൽ സുപ്രധാനമായപങ്ക് വഹിക്കുന്നുണ്ട്. അതിനാവശ്യമായ പശ്ചാത്തലം സൃഷ്ടിക്കേണ്ടതും കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതും സ്കൂളിന്റെ ചുമതലയും ഉത്തരവാദിത്ത്വവുമാണ്.

### കേംബ്രിഡ്ജ് ഇംഗ്ലീഷ് ഭാഷാനൈപുണ്യ പരിശീലന പദ്ധതി

ഇംഗ്ലീഷ് ഭാഷ ആധുനിക ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതായി മാറിയിരിക്കുന്നു. ചെറുപ്രായത്തിൽ തന്നെ ഓരോ കുട്ടിയും എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും പ്രാപ്തരാകണം. ആയത് ലക്ഷ്യമാക്കി കേരളത്തിൽ സ്കൂൾ തലത്തിൽ ആദ്യമായി കേംബ്രിഡ്ജ് ഇംഗ്ലീഷ് ഭാഷാനൈപുണ്യ പരിശീലന പദ്ധതിക്ക് തുടക്കം കുറിച്ചു. ഓൺലൈൻ ആപ്പ് ബെയ്സ്ഡ് ക്ലാസ്സുകൾ ആരംഭിച്ചു. അധ്യാപകർക്ക് പ്രത്യേക പരിശീലനവും സ്കൂൾ മാനേജ്മെന്റ് ഏർപ്പെടുത്തി. പ്രത്യേകം പഠനകിറ്റിന്റെ സഹായത്തോടെയാണ് പരിശീലനം. രക്ഷാകർത്താക്കൾക്കും കുട്ടികളെ സഹായിക്കാൻ കഴിയുന്ന തരത്തിലാണ് ഈ പരിശീലന പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. അഞ്ചാം ക്ലാസ്സ് മുതൽ കുട്ടികൾക്ക് അനായാസം ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുന്നതിനും ക്രമേണ ഇംഗ്ലീഷ് പഠനം ആയാസരഹിതമാക്കുന്നതിനും ഇംഗ്ലീഷ് ഇഷ്ടപ്പെട്ട് പഠിക്കാൻ കഴിയുന്നതിനും ഇത് സഹായകമാകും

### വാർഷികപ്പതിപ്പ്

ഒരു വർഷം നടത്തപ്പെടുന്ന സ്പോക്കൺ ഇംഗ്ലീഷ് പരിശീലന പ്രവർത്തനങ്ങൾ കോർത്തിണക്കി ഓരോ

കുട്ടികളേയും കൊണ്ട് വാർഷിക പതിപ്പ് തയ്യാറാക്കിച്ചാൽ അത് സ്കൂൾ ആനിവേഴ്സറിക്ക് പ്രദർശിപ്പിക്കാം. മികച്ചതിന് അവാർഡ് ഏർപ്പെടുത്തി പ്രോത്സാഹിപ്പിക്കാം. സമീപസ്കൂളുകളിലൊന്നും ഇല്ലാത്ത ഒരു മികവായി അതിനെ അവതരിപ്പിക്കുകയും ചെയ്യാം. അത് തുടർ പരിശീലനത്തിന് സഹായകമാകുകയും ചെയ്യും.

**ടാലന്റ് ലാബ്**

പാഠപുസ്തകങ്ങളിലെ അറിവുകളുടെ ലോകത്തോടൊപ്പം ഓരോ കുട്ടിയുടെയും സർഗ്ഗാത്മകമായ അഭിരുചികളെയും കഴിവുകളെയും കണ്ടെത്തി പരിശീലനം നൽകി അവരെ പ്രതിഭകളാക്കിമാറ്റുന്ന പദ്ധതി.

ജന്മവാസനക്കനുരൂപമായി കുട്ടികളുടെ കഴിവുകളെ തിരിച്ചറിയുകയും അവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഉദാഹരണമായി വാർത്താനിർമ്മാണത്തിൽ തല്പരനായ ഒരു കുട്ടിക്ക് വിഷയവുമായി ബന്ധപ്പെട്ട നാനാതരത്തിലുള്ള അറിവുകൾ പ്രത്യേകം പരിചയം സിദ്ധിച്ച അനുഭവ സമ്പന്നരെ ഉൾപ്പെടുത്തി പകർന്നുകൊടുക്കുക. സ്കൂളിലെ വിവിധ പരിപാടികൾ അതേ കുട്ടിയെക്കൊണ്ടുതന്നെ വാർത്തകളാക്കുകയും പത്രദൃശ്യ സാമൂഹ മാധ്യമങ്ങൾക്ക് പ്രസിദ്ധീകരണത്തിനായി നൽകുകയും ചെയ്യുക.

ഇതേപോലെ പ്രസംഗം, സാഹിത്യം, വാർത്താനിർമ്മാണവും അവതരണവും, സംഗീതം, അഭിനയം, ചിത്രരചന, ശിൽപകല, ക്രാഫ്റ്റ് വർക്ക്, സംരംഭകത്വം, കായികം, കൃഷി, പൂന്തോട്ട പരിപാലനം, ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിംഗ്, ഷോർട് ഫിലിം നിർമാണം എന്നിവയിൽ പ്രത്യേക ടാലന്റ് ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികളെ വിഷയാഭിരുചിക്കനുസൃതമായി ഗ്രൂപ്പുകൾ സജ്ജമാക്കാവുന്നതാണ്.

കുറച്ച് ഉദാഹരണങ്ങൾ പറഞ്ഞെന്നേയുള്ളൂ. കുട്ടികളുടെ ടാലന്റും നമ്മുടെ താല്പര്യങ്ങളും സ്കൂളിന്റെ ആവശ്യങ്ങളും പരിഗണിച്ച് വിഷയങ്ങൾ കണ്ടെത്താവുന്നതാണ്. നമ്മുടെ അറിവുതസവത്തെപ്പറ്റി അറിഞ്ഞ ഒരാൾ കുട്ടികളെ താളം/കൊട്ട് പഠിപ്പിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. അതുപോലെ പ്രസംഗം .. നമ്മുടെ കുട്ടികളെ കറക്റ്റ് ചെയ്യാൻ മുരളീധരൻ സാർ ഉണ്ട്. അഭിനയസാധ്യതകൾക്ക് മനോജ്സുനിയും ബിനുവുമുണ്ട്.... ഇങ്ങനെയുള്ള വ്യക്തിത്വങ്ങളെ ഉപയോഗപ്പെടുത്തി ഓരോ ഗ്രൂപ്പിനും ഗൈഡൻസ് കൊടുത്താൽ കുട്ടികൾ മാകച്ചവരാകും.

അങ്ങനെ പാഠ്യപദ്ധതിയിലെ അറിവിനോടൊപ്പം സർഗ്ഗാത്മകമായ അഭിരുചികളിലും പ്രാവീണ്യം സിദ്ധിക്കുന്നു. ഓരോ കുട്ടിയും ഓരോ പ്രതിഭയായി മാറുന്നു. ഒരു പ്രാദേശിക പ്രതിഭാ കേന്ദ്രമെന്ന നിലയിൽ വളരുവാൻ സ്കൂളിന് കഴിയും.

**ദിനാചരണങ്ങൾ**

ഓരോ ദിവസവും പ്രധാനപ്പെട്ടതാണ്. ഓരോ ദിവസത്തെപ്പറ്റിയും പഠിക്കേണ്ടതുമാണ്. ഇതിനായി പ്രത്യേക പാഠ്യപദ്ധതികൾ ഉണ്ടെങ്കിലും പുതിയ ക്ലാസ്സിൽ പുതിയ ദിനങ്ങളായിട്ടാണ് ഓരോ കുട്ടിക്കും അനുഭവമാകുന്നത്. ഇതിന് മാറ്റം വരണം. ഒരു അദ്ധ്യയന വർഷത്തെ ആചരിക്കുന്ന ദിനങ്ങൾ കുട്ടിയുടെ മനസ്സിൽ എന്നെന്നേക്കുമായി പതിപ്പിച്ചെടുക്കുകയും ഉറച്ച അറിവായി അതിനെ മാറ്റി എടുക്കുകയും ചെയ്യണം. ആയതിലേക്ക് ചട്ടപ്രകാരം ദിനാചരണങ്ങൾ ആചരിക്കുന്നതിനു പകരം വിട്ടുവീഴ്ചയില്ലാത്ത പഠനസംവിധാനം ഓരോ വിദ്യാർത്ഥിയേയും കേന്ദ്രീകരിച്ച് ഒരുക്കേണ്ടിയിരിക്കുന്നു. കുട്ടി തന്റെ വരുംകാല ജീവിതത്തിൽ മത്സര പരീക്ഷകളിലും സാമൂഹിക ജീവിതത്തിലും ഇത്തരം ദിനാചരണങ്ങൾ വീണ്ടും ഒരു പഠനം ഇല്ലാതെ ഒഴുക്കോടെ ഓർക്കാനും പ്രകടിപ്പിക്കാനും കഴിയണം. അങ്ങനെ അവൻ അനിതരസാധാരാണമായ ബുദ്ധി വൈഭവത്തിന് ഉടമയാകും.

മികവ് പ്രകടിപ്പിക്കുന്നവർക്ക് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുട്ടി അദ്ധ്യാപകരാകാൻ അവസരമൊരുക്കണം. നമ്മുടെ കുട്ടികൾ തന്നെ സമ്മേളനങ്ങൾ നടത്തണം. നമ്മുടെ കുട്ടികൾ തന്നെ പ്രസംഗിക്കണം. ചിത്രം വരയ്ക്കണം. കാർട്ടൂൺ തയ്യാറാക്കണം. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കുറിപ്പുകൾ തയ്യാറാക്കണം. ചോദ്യോത്തരങ്ങൾ തയ്യാറാക്കണം, സ്കൂൾ വിശേഷങ്ങളുടെ വാർത്തകൾ ചമയ്ക്കണം. അതവതരിപ്പിക്കണം. ഇതിനൊക്കെ അവരെ പ്രാപ്തരാക്കാൻ ടാലന്റ് ലാബ് ശക്തിപ്പെടുത്തിയാൽ മാത്രം മതി. ഇതൊക്കെ സാധ്യമായാൽ ഡിജിറ്റൽ മാഗസിനും ഓൺലൈൻ ന്യൂസ് പേപ്പറും ഒക്കെ വിഭവസമൃദ്ധമാവില്ലേ?

## സ്റ്റുഡന്റ് പ്ലസ്സ് (പഠനത്തോടൊപ്പം മത്സരപ്പരീക്ഷകൾക്ക് തയ്യാറാകാം)

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ആദ്യവർഷങ്ങളിൽത്തന്നെ ചിട്ടയായ പഠനത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾ മനസ്സിലാക്കണം. മത്സര പരീക്ഷകളെഴുതാൻ അവരെ പ്രാപ്തരാക്കേണ്ടത് രക്ഷകർത്താക്കളും അധ്യാപകരുമാണ്.

-ലോവർ സെക്കന്ററി സ്കോളർഷിപ്പ്
-അപ്പർ സെക്കന്ററി സ്കോളർഷിപ്പ്
-നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്
-നാ.ണൽ ടാലന്റ് സേർച്ച് എക്സാമിനേഷൻ
-ഇൻസ്പയർ സ്കോളർഷിപ്പ്
-നീറ്റ്/എൻട്രൻസ് പരീക്ഷകൾ
-സിവിൽ സർവ്വീസ്
-പി.എസ്.സി പരീക്ഷകൾ ... ഇതൊക്കെ നമ്മുടെ കുട്ടികൾക്കും ശ്രമിക്കാനൊരവസരം നാം ഒരുക്കണ്ടേ?

സിവിൽ സർവ്വീസ്/പി.എസ്.സി പരീക്ഷകൾക്ക് പരിശീലനത്തിന് പോകുന്നവർ ചെറുക്ലാസ്സുകളിൽ പഠിച്ചിരുന്ന പുസ്തകങ്ങൾ തേടിപ്പിടിച്ച് പഠിക്കുകയാണ് ആദ്യപടി. പി.എസ്.സിക്ക് ഏതാണ്ട് 40 ശതമാനം ചോദ്യങ്ങൾ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങളിൽ നിന്നാണ്.

5-ാം ക്ലാസ്സ് മുതൽ പി.എസ്.സി ലക്ഷ്യമിട്ട് പരിശീലനം ആരംഭിക്കണം. ഓരോ പാഠഭാഗവും ഒബ്ജക്ടീവ് ടൈപ്പായി തയ്യാറാക്കി പാഠഭാഗത്തോടൊപ്പം പറഞ്ഞുകൊടുക്കണം. അതിനാവശ്യമായ നോട്സ് തയ്യാറാക്കണം. എല്ലാമാസവും പരീക്ഷ നടത്തണം. എളുപ്പത്തിനുവേണ്ടി നമുക്ക് പരീക്ഷപേപ്പർ പ്രിന്റ് ചെയ്യാം. ഒരു 15-20 മിനിറ്റ്കൊണ്ട് പരീക്ഷ പൂർത്തീകരിക്കാനാവും. മൂല്യനിർണ്ണം നടത്തി വിജയികലെ അനുമോദിക്കണം. വർഷാവസാനം മെഗാ ക്വിസ് കോമ്പറ്റീഷൻ ക്ലാസ്സ് അടിസ്ഥാനത്തിൽ നടത്തണം. അങ്ങനെ നിരന്തര പരീക്ഷയും വിജയികളെ പ്രഖ്യാപിക്കലും കുട്ടികളെ ആവേശഭരിതരാക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. ക്രമേണ നമ്മുടെ എല്ലാ കുട്ടികളും യു.എസ്.എസ് പരീക്ഷകൾ എഴുതണം.

കുറഞ്ഞപക്ഷം, എസ്.എസ്.എൽ.സി/+2 കഴിഞ്ഞ ശേഷം മാത്രം മത്സരപരീക്ഷകളെപ്പറ്റിയും ഉയർന്ന വിദ്യാഭ്യാസത്തെപ്പറ്റിയും ചിന്തിക്കുന്നവരേക്കാൾ മുന്നിലെത്തുന്നത് നമ്മുടെ കുട്ടികളായിരിക്കും.

സമൂഹത്തെ സേവിക്കുവാനും കുടുംബങ്ങൾക്ക് വഴികാട്ടിയാകാനും നാടിന്റെ വികസനത്തിൽ ഭാഗമാകാനും സ്കൂളിന് കഴിയും. എസ്.എൻ.ഡി.പി.യു.പി.എസ് സമാനതകളില്ലാതെ വളരും. സംസ്ഥാനതലത്തിൽ വരെ ചർച്ചചെയ്യപ്പെടും. സമൂഹം അതേറ്റെടുക്കും.

കഠിനാധ്വാനത്തിനും നിസ്വാർത്ഥസേവനത്തിനും കുറുക്കുവഴികളില്ല. സമർപ്പിതബുദ്ധിയോടെ, സ്വതന്ത്ര ചിന്തയോടെ, നിസ്വാർത്ഥമായ സമീപനംകൊണ്ട് സാധിക്കാനാവാത്തതായി ഒന്നുമില്ല. ഒന്നിച്ചുനിന്നാൽ, ഒന്നായി നിന്നാൽ, വിജയം നമുക്കുള്ളതാകും. കാലം അതടയാളപ്പെടുത്തും.

-ശുഭം-

# സംസ്കൃതം
## അക്കാദമിക് മാസ്റ്റർ പ്ലാൻ
### ക്ലാസ് , 5 , 6 , 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ. |
| --- | --- | --- | --- | --- |
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം U.P തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷ ജ്ഞാനം<br>• അക്ഷരം എഴുതൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ്. | അക്ഷരചാർട്ട് പാഠപുസ്തകം ICT | P.T.A അധ്യാപിക |

1/6

| | | | | |
|---|---|---|---|---|
| | • ചിത്ര കഥകൾ<br>• ലഘു സംഭാഷണങ്ങൾ<br>• നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാ പുസ്തകം.<br>ICT | അധ്യാപിക. |
| 2. വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃത നിഘണ്ടു. | |

| | | | | |
|---|---|---|---|---|
| 3. വായനാലോകം. കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഒരോ സംസ്കൃത പീരിഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം. | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം.<br>• കലണ്ടർ നിർമ്മാണം.<br>• പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട്<br>ചിത്രം | അധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാകൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരങ്ങൾ നടത്തുന്നു.<br>• മാതൃകാ ചോദ്യ പേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ്റൂം<br>ICT | അധ്യാപിക |

9/6

| | | | | |
|---|---|---|---|---|
| 6. ആസ്വാദന ലോകം<br><br>ഓരോ കുട്ടി യുടെയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി. | • നാടകം, കൂത്ത് തുടങ്ങി-യവയുടെ വീഡിയോ കാണുന്നതിന് അവസരം.<br>• പറയാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവസരം നൽകൽ<br>• മാസത്തിൽ ഒരു തവണ ആസ്വാദന സദസ്സ് ചേരുന്നു. ഇതിൽ അവതരിപ്പിച്ച കുട്ടി അടുത്ത തവണ ആസ്വാദകൻ ആകുന്നു. | 5 മാസം | സംസ്കൃത ക്ലാസ് റൂം. | അധ്യാപിക. |

| | | | | |
|---|---|---|---|---|
| 7. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ. | • പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | അധ്യാപിക |
| ക്ലാസ് റൂം. ആകർഷകമാക്കാം. | • ക്ലാസ് വൃത്തിയായ് സൂക്ഷിക്കാം.<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു.<br>• പെയിന്റിംഗ്. | | | |

# English Master Plan

| Aim | Activities | Month | Responsible person | Economic Source |
|---|---|---|---|---|
| To encourage <u>Listening & Speaking</u><br>Introduce different genres (fiction, non-fiction, poetry) Enhance Vocabulary. Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-play to improve speaking skills.<br>Vocabulary games and exercise to build word knowledge. | June | English Teacher | English Club |
| To encourage <u>Reading</u><br>Develop basic reading, writing, listening and speaking skills<br><br>Cultivate effective communication skills for various contexts | Interactive Reading Circles<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group read the assigned text together and discusses key elements like plot, characters and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions, to the text | July | | |

| Aim | Activities | Month | Responsible person | Economic Source |
|---|---|---|---|---|
| | Debates and presentation for advanced Speaking practice | August - December | English Teachers | English Club |
| | Expanding vocabulary with context clues from passage | | | |
| To develop <u>Writting skills</u> Introduce grammatical concepts such as part of speech, tenses and sentences structure. | Improve sentence structure. Practice for simple creative writing tasks like descriptive paragraphs, short stories and simple poetry. | | | |
| To develop basic Grammar rules. Focus on sentence structure punctuation and grammar | Projects and research assignments to foster critical thinking | January-February | | |
| Expand vocabulary through reading and interactive activities | Interactive grammer games. | | | |
| Introduce different types of writting: narrative descriptive, persuasive etc | structured grammar lessons with examples and practice exercises. | | | |

| | | | | |
|---|---|---|---|---|
| Language Games, puzzles and Activities | Integrate language game and activities to reinforce vocabulary, grammar and language skills in an engaging way.<br>For example, play word association games, charades or vocabulary bingo to pratice new words and concepts. | Throughout the year | English Teacher | |
| Parent Involvement | Showcase students and parents writing through publications, newsletter or school-wide writing anthologies to celebrate their achievement and foster a culture of writing.<br>Collaborate with parents to create English language learning materials such as flascards, games or resource packs, that can be used in the classroom or sent home for additional practice. | | English Teachers & PTA Members & Parents. | |

# HINDI ACADEMIC MASTER PLAN

2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക | പഠിച്ച പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| 2. ഹിന്ദി വായന: തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി താഴെ ഹിന്ദിയിൽ വാക്യങ്ങളുള്ളവ കാണിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| 3. ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി കൂടുതലായി ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക. |

2025-26.

# Malayalam Academic Master Plan.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | അവധിക്കാല അനുഭവങ്ങൾ - കഥ, കവിത, യാത്രാ-നുഭവം, അനുഭവക്കുറിപ്പ് - അവതരിപ്പിക്കുന്നു. | June. | മലയാളം അധ്യാപകർ. |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | വർത്തമാനത്തോട് - പത്രം, വാരികകൾ ഇവ വായിപ്പിക്കുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ. |
| | ഓരോ മാസത്തെയും പ്രധാന സംഭവങ്ങൾ, Library പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി. ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ 2 പ്രാവശ്യം. | മലയാളം ക്ലബ്ബ്. |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂലമനോഭാവം വളർത്തുക വഴി - സർഗശേഷി വളർത്തുന്നു. | സാഹിത്യകാരൻമാർ, എഴുത്തുകാർ - സംവാദങ്ങൾ, ചർച്ച, പുസ്തകം പരിചയപ്പെടൽ. | 2 പ്രാവശ്യം | മലയാളം അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 3. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, നാടകങ്ങൾ തുടങ്ങിയ School Assembly യിൽ അവതരിപ്പിക്കുന്നു. | Academic Year. | |
| 4. കുട്ടികളുടെ ആകാശവാണി F.M അവതരണ മികവ്. | ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകൾ അവതരിപ്പിക്കുന്നു. സ്കൂളിലെ പ്രധാന സംഭവം വാർത്തയായി അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങളുടെ ആസ്വാദനം തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. | മാസത്തിൽ ഒന്ന് ചിന്നിട് രണ്ടാഴ്ചയിലൊരിക്കൽ | Class Leader School Leader മലയാളം അധ്യാപകർ. |

# Academic Masterplan-Social Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്രക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ? (Field trip, survey) പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കാടുകൾ, വയലുകൾ, കാടുകൾ എന്നിവയുടെ സന്ദർശനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| സാമൂഹ്യശാസ്ത്രവിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന, പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. |

| | | | |
|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ്സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷകാലയളവിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ, രക്ഷിതാക്കൾ. |
| സാമൂഹ്യശാസ്ത്ര വിഷയങ്ങളിലുള്ള അറിവും ധാരണയും ഉറപ്പാക്കുക. | സാങ്കേതിക വിദ്യയുടെ ഉപയോഗം, ഡിജിറ്റൽ മാപ്പുകൾ, ഡോക്യുമെന്ററികൾ, ഓൺലൈൻ റിസോഴ്സുകൾ പഠനത്തിൽ ഉപയോഗിക്കുക. ലൈബ്രറിയിൽ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ, ആനുകാലികങ്ങൾ എന്നിവ ലഭ്യമാക്കുന്നു. | അക്കാദമികവർഷ കാലയളവിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ, HM |

Academic Masterplan - Science .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | • ശാസ്ത്രക്ലബുകളുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു. • ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുവർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. |
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക. | . പച്ചക്കറിത്തോട്ടം, കുളം [illegible] ഔഷധങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഉദ്യാനം പരിപാലനം. | അക്കാദമിക വർഷം. | അധ്യാപകർ കുട്ടികൾ, |
| | • നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ | | | |

| | | | |
|---|---|---|---|
| സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്ര അധ്യാപകർ |

## ഗണിതം - Academic Master Plan. 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| --- | --- | --- | --- |
| 1. അടിസ്ഥാന ഗണിത ക്രിയകൾ - ഉറപ്പു വരുത്തുന്നു. | നമ്പർ കാർഡ്, മുത്തുകൾ, എന്നിവ ഉപയോഗിക്കുന്നു. | June | ഗണിത അധ്യാപകർ |
| 2. ഗണിത പഠനം സുഗമമാക്കൽ. | ഗണിത ലാബ് സജ്ജീകരണം, | | |
| 3. ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ. | ഗണിത പ്രാവീണ്യമുള്ള അധ്യാപകരെ പ്രയോജനപ്പെടുത്തി താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | 5, 6 തവണ. | |
| 6. ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുർക്രിയകൾ ടാൻഗ്രാം എന്നിവ ഉപയോഗിക്കുന്നു. | മാസത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ. |
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന്. പോരായ്മകൾ കണ്ടെത്തി വിവിധ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | |

| | | | | |
|---|---|---|---|---|
| ഒറിഗാമി:<br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിലൂടെ വിവിധ പരിശീലനങ്ങൾ ഏർപ്പെടുന്നു. | ഗണിത സവിശേഷതകൾ ചിട്ടപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ. | | | |
| ദിനാചരണം | June മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ | ആവശ്യാനുസരണം. | | |
| ഗണിത ശേഷി വികസിപ്പിക്കുന്ന – തിന് – | – ഗണിതശാസ്ത്രജ്ഞന്മാർ<br>– കുറിപ്പ് തയ്യാറാക്കൽ<br>ഗണിത ലാബ്, ഗണിത – പുസ്തകം എന്നിവ നിർമ്മിക്കൽ.<br>Chart, Models എന്നിവ നിർമ്മിക്കൽ. | | | |